"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കാസർഗോഡ് നഗരസഭയിലെ സാനിറ്റേഷൻ വർക്കർമാരായ ശ്രീ.ഗോവിന്ദ കെ,ശ്രീ അബൂബക്കർ പി, ശ്രീമതി രമണി ജി എന്നിവർ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.3111/2019 കേസിന്മേലുള്ള വിധിന്യായം-നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.74/2024/LSGD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:-

1. ശ്രീ ഗോവിന്ദ കെ മുതൽ പേർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 3111/2019ൽമേലുള്ള 4-8-2023 തീയതിയിലെ വിധിന്യായം
2. ശ്രീ ഗോവിന്ദ കെ മുതൽ പേർ സമർപ്പിച്ച 12-8-2023 തീയതിയിലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 28-10-2023ലെ LSGD/PD/57983/2023-DEF4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് നഗരസഭയിലെ സാനിറ്റേഷൻ വർക്കർമാരായ ശ്രീ.ഗോവിന്ദ കെ, ശ്രീ അബൂബക്കർ പി, ശ്രീമതി രമണി ജി എന്നിവർ, 2008 മുതൽ തങ്ങൾ ദിവസവേതന അടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളായി സേവനമനുഷ്ഠിച്ചുവരുകയാണെന്നും എന്നാൽ തങ്ങളെ 2013 ലാണ് സ്ഥിരപ്പെടുത്തിയതെന്നും ആയതിനാൽ 2008 മുതൽ പ്രാബല്യത്തിൽ,തങ്ങളെ സ്ഥിരപ്പെടുത്തണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യവുമായി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.3111/2019 കേസിന്മേലുള്ള പരാമർശം (1) വിധിന്യായം പ്രകാരം, അപേക്ഷകർ സർക്കാരിൽ ഈ വിഷയത്തിൽ നിവേദനം സമർപ്പിക്കണമെന്നും പ്രസ്തുത നിവേദനം പരിഗണിച്ച് ബന്ധപ്പെട്ട അധികാരികൾ പരാതിക്കാരനും ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിയ്ക്കും ഹിയറിംഗ് നടത്തി 4 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായിരുന്നു.

2. പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ഗോവിന്ദ,ശ്രീ.അബൂബക്കർ, ശ്രീമതി.രമണി എന്നിവർ പരാമർശം(2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. 2008-ൽ കാസർകോട് മുനിസിപ്പാലിറ്റിയിൽ ശുചീകരണ തൊഴിലാളികളായി താൽക്കാലികാടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരായാണ് തങ്ങളെ നിയമിച്ചത് എന്നും 31.05.2013 മുതൽ സർവ്വീസിൽ റെഗുലറൈസ് ചെയ്തിട്ടുള്ളതിനാൽ, തങ്ങളെ വീണ്ടും സർവീസിൽ നിയമിച്ചിട്ടില്ലെന്നും അതിനാൽ നിയമാനുസൃത പെൻഷൻ സ്കീമിന് കീഴിൽ ഭരിക്കപ്പെടാൻ തങ്ങൾക്ക് അർഹതയുണ്ടെന്നും 2011ലും 2012ലും ഒഴിവുകൾ

വന്നെങ്കിലും 2013-ൽ മാത്രമാണ് സ്ഥിരമായി നിയമിച്ചത് എന്നും ആയതിനാൽ നിയമന തീയതികളിൽ, അതായത് 12.05.2008-ൽ തന്നെ, തങ്ങളുടെ ക്രമപ്പെടുത്തലിന് നിർദ്ദേശം നൽകുന്ന ഉത്തരവുകൾ പാസാക്കാനും, NPS-ന് പകരം സാറ്റിറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതിനും അപേക്ഷകർ അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ് അണ്ടർ സെക്രട്ടറി പരാതിക്കാരനായ ശ്രീ.ഗോവിന്ദ.കെ യെ 3-11-2023ൽ നേരിൽ കേട്ടിരുന്നു. മറ്റു രണ്ടു പരാതിക്കാരായ ശ്രീ.പി.അബൂബക്കർ, ശ്രീമതി. ജി.രമണി എന്നിവർക്കു കൂടി വേണ്ടിയാണ് ശ്രീ. ഗോവിന്ദ ഹിയറിങ്ങിൽ പങ്കെടുക്കുന്നതെന്ന് അറിയിച്ചു. കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻ എന്നിവർ റിപ്പോർട്ടുമായി ഹിയറിങ്ങിൽ പങ്കെടുത്തു. ഹിയറിങ് വേളയിൽ ശ്രീ. ഗോവിന്ദ ഉന്നയിച്ച പരാതിയും ആവശ്യങ്ങളും പ്രകാരം, 2008-ൽ തന്നെ അവർക്കു സ്ഥിര നിയമനം നൽകണമെന്നും, 2012-ൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും 2013 May മാസത്തിൽ മാത്രമാണ് അവർക്കു നിയമനം നൽകിയതെന്നും NPS പദ്ധതിയുടെ പരിധിയിൽ വന്നു പോയെന്നും, അതിനാൽ Statutory പെൻഷൻ തന്നെ അവർക്കു അനുവദിച്ചു നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

4. 22.04.1982 ലെ GO (Ms)No.14/82/LBR നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2008 ൽ പകരം തൊഴിലാളികളായി നിയമിതരായവരാണ് ഹർജിക്കാർ എന്നും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ വിരമിക്കൽ, മരണം എന്നിവ മൂലം ഒഴിവുകൾ ഉണ്ടാകുമ്പോൾ കൗൺസിൽ തീരുമാനത്തിന് വിധേയമായി പകരം തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അനുസരിച്ച് സ്ഥിര നിയമനം നൽകുന്നതിനാണ് മേൽ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത് എന്നും സ്ഥിരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ലീവ് വേക്കൻസിയിൽ ദിവസവേതനാടിസ്ഥാനത്തിൽ 2008 മുതൽ ജോലി ചെയ്തു വന്നിരുന്ന ഹർജിക്കാർക്ക് ഒഴിവു വന്ന മുറയ്ക്ക് നഗരസഭാ കൗൺസിലിന്റെ 23.05.2013 ലെ 5-ാം നമ്പർ തീരുമാന പ്രകാരം 31.05.2013 മുതൽ സ്ഥിര നിയമനം ലഭിച്ചു എന്നും ഹർജിക്കാർ 2008 മുതൽ 31.05.2013 വരെയുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാരുടെ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നും ടിയാളുകൾക്ക് കണ്ടിജന്റ് ജീവനക്കാരുടെ തസ്തികയിൽ സ്ഥിര നിയമനം ലഭിച്ചിട്ടുള്ളത് 31.05.2013 മുതൽ മാത്രമാണ് എന്നും 07.01.2013 ലെ നമ്പർ GO(P)No.20/2013/Fin സർക്കാർ ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത് എന്നതിനാൽ പകരം തൊഴിലാളികളായി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 2008 മുതൽ സർവീസ് റെഗുലറൈസ് ചെയ്യണമെന്നും statutory pension സമ്പ്രദായത്തിൽ ഉൾപ്പെടുത്തണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ല എന്ന് പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 07.01.2013 ലെ സ.ഉ (അ) നം.20/2013/ധന ഉത്തരവ് പ്രകാരം 31.03.2013 വരെ കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതി ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ശ്രീ.ഗോവിന്ദ ആർ, ശ്രീ.അബൂബക്കർ പി.സി, ശ്രീമതി.രമണി സി എന്നിവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത് 31.05.2013 മുതലാണ്. 2008 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് ടിയാളുകൾ ജോലി ചെയ്തുവന്നിരുന്നത്. പ്രസ്തുത സാഹചര്യത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ല. 16.11.2018 തീയതിയിലെ സ.ഉ (അ) നം.178/2018/ധന അനുസരിച്ച് 01.04.2013 ന് മുമ്പ് പാർട്ട് ടൈം ആയി സേവനത്തിൽ തുടർന്ന് വരികയും 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ/ ബൈ പ്രൊമോഷൻ വഴി നിയമനം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാർക്കാണ് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളത്. ഈ കേസിലെ പരാതിക്കാർ 2008 മുതൽ സ്ഥിരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ലീവ് വേക്കൻസിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയും പിന്നീട് 31.05.2013 മുതൽ സ്ഥിര തസ്തികയിൽ നിയമനം നേടിയിട്ടുള്ളവരുമാണ്. ആയതിനാൽ 01.04.2013 ന് മുമ്പ് പാർട്ട് ടൈം തസ്തികയിൽ നിയമനം ലഭിച്ചവർക്ക് അനുവദിച്ചിട്ടുള്ള 16.11.2018 തീയതിയിലെ സ.ഉ (അ) നം.178/2018/ധന ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ടി കേസിലെ ഹർജിക്കാർക്ക് അനുവദിക്കാനാവില്ല. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളിലെ നിയമനം കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് മുൻസിപ്പൽ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. കാസർഗോഡ് നഗരസഭാ കൗൺസിലിന്റെ 23.05.2013 ലെ 5-ാം നമ്പർ തീരുമാന പ്രകാരമാണ് പരാതിക്കാർക്ക് 31.05.2013 മുതൽ സ്ഥിര നിയമനം ലഭിച്ചത്. ആയതിനാൽ 2008 മുതൽ പ്രാബല്യത്തിൽ, തങ്ങളെ സ്ഥിരപ്പെടുത്തണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (1) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കാസറഗോഡ് നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ ഗോവിന്ദ കെ മുതൽ പേർ,സാനിട്ടേഷൻ വർക്കർ,കാസറഗോഡ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-01-2024 14:31:27
സെക്ഷൻ ഓഫീസർ